

# ഓർമ്മകൾക്ക് മരണമുണ്ട്

വാസുദേവ് പുളിക്കൽ

ഓർമ്മകൾക്ക് മരണമുണ്ട്
ഭൂതകാലത്തിലെ പ്രേതങ്ങളാണവ
കാലത്തിൻെറ കുഴിമാടങ്ങളിൽ കുമ്പസാരിക്കുമ്പോൾ
ഭൂതകാലത്തിലെ പ്രേതങ്ങൾ നമ്മെ പേടിപ്പെടുത്തുന്നു
ആരാധനക്കും അർച്ചനക്കുമുള്ള സമയമിപ്പോഴാണ്
പോയ കാലങ്ങൾ അവ സ്വീകരിക്കുന്നില്ല
ഓർമ്മകളിൽ മുഴുകുന്നവർ പിറകോട്ടു നടക്കുന്നു
ആധിയും ആശങ്കയും വളർന്ന് അവരെ വഴിതടയുന്നു
ജീവിതപന്ഥാവു മുന്നോട്ടു നീണ്ടു കിടക്കുന്നു
അവിടെ ഓർമ്മയുടെ പ്രേതങ്ങളെ കണ്ടു ഭയക്കരുത്
ഓരോ പുലരിയിലും ഓർമ്മകളുടെ പുതപ്പ് മാറ്റി ഉണരുക
ശുഭാപ്തി വിശ്വാസത്തിൻെറ ശുദ്ധവായു ശ്വസിക്കുക
കാറ്റിൻെറ എഴുത്താണികൊണ്ട്
ആകാശ നീലിമയിൽ വെണ്മേഘങ്ങൾ എഴുതുന്ന
വ്യക്തവും അവ്യക്തവുമായ സന്ദേശങ്ങൾ
സൂര്യരശ്മിയിൽ തെളിഞ്ഞും മറഞ്ഞും പോകുന്ന അക്ഷരങ്ങൾ
നിങ്ങൾക്ക് സുദിനം നേരുന്നു എന്നോ?
വിയർത്തുകൊണ്ട് ഉപജീവനം കഴിക്കൂ എന്നോ?
അതറിയണമെങ്കിൽ നമ്മൾ ഇന്നലെകളെ കുറിച്ച് ചിന്തിക്കരുത്
കാരണം കണ്ണുകളുടെ മുക്കാലും കാഴ്ച അപ്പോൾ നഷ്ടപ്പെടുന്നു.

(ജനനിയും ഫോമയും ചേർന്ന് നടത്തിയ സാഹിത്യശിൽപശാലയിൽ അവതരിപ്പിച്ച കവിത)

***********